
# 3

# ആയിരം... ആയിരം




visit: https://textbooksall.blogspot.com/

PENCIL GROUP...
[A Totally academic group for std 3]

# യൂണിറ്റ് : 3

## ആയിരം... ആയിരം

### പഠന ലക്ഷ്യങ്ങൾ

- പ്രായോഗിക പ്രശ്നങ്ങളിൽ ഇടപെട്ട് 1 മുതൽ 2000 വരെയുള്ള സംഖ്യകൾ വായിക്കുകയും അക്കത്തിലും അക്ഷരത്തിലും എഴുതുകയും ചെയ്യുന്നു.
- 3 അക്കങ്ങൾ വരെയുള്ള സംഖ്യകൾ രൂപീകരിച്ചും ക്രമപ്പെടുത്തിയും തിരിച്ചറിഞ്ഞും താരതമ്യം ചെയ്യുന്നു.
- ആയിരം വരെയുള്ള സംഖ്യകൾ തമ്മിലുള്ള പരസ്പര ബന്ധവും സംഖ്യാ പ്രത്യേകതകളും കണ്ടെത്തി അവയുടെ സൗന്ദര്യാത്മകത ആസ്വദിക്കുന്നു.
- സംഖ്യാ ബന്ധങ്ങൾ വിശകലനം ചെയ്തും അപഗ്രഥിച്ചും നിഗമനങ്ങൾ രൂപീകരിക്കുന്നു. സാമാന്യവത്കരിക്കുന്നു.
- നിത്യ ജീവിത സന്ദർഭങ്ങളുടെ ഭാഗമായും കളികളുടെ ഭാഗമായും സംഖ്യകളെ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നു. പ്രശ്നപരിഹരണം നടത്തുന്നു.
- നിത്യ ജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്ക് നാണയങ്ങളും കറൻസികളും ഉപയോഗിച്ച് ക്രയവിക്രയം നടത്തുന്നു.

### ആശയങ്ങൾ / ധാരണകൾ

- മൂന്നക്ക സംഖ്യകളെ അക്കത്തിൽ എഴുതൽ.
- രണ്ടായിരം വരെയുള്ള നാലക്ക സംഖ്യകൾ അക്കത്തിൽ എഴുതുന്നു.
- നാണയങ്ങളും കറൻസികളും ഉപയോഗിച്ചാണ് ക്രയവിക്രയം നടത്തുന്നത്.
- സ്ഥാനവില അനുസരിച്ച് സംഖ്യ പിരിച്ചെഴുതുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെട്ട് മൂന്നക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
- ആയിരം വരെയുള്ള സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തൽ.
- കളിയുടെ ഭാഗമായി മൂന്നക്ക സംഖ്യകളെ സന്ദർഭാനുസരണം വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. വ്യത്യസ്ത അക്കങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന സംഖ്യകൾ.

**പഠനോപകരണങ്ങൾ.**

സംഖ്യാ കാർഡ്, കളിനോട്ടുകൾ, സ്ലിപ്പുകൾ.

**പ്രതീക്ഷിത സമയം.**

14 പിരീഡ്.

| പ്രവർത്തനം / പ്രക്രിയ | വിലയിരുത്തൽ |
|---|---|

**പ്രവേശക പ്രവർത്തനം : സ്കൂൾ കായികമേള.**

ടീച്ചർ : നിങ്ങളുടെ സ്കൂളിൽ കായികമേള സംഘടിപ്പിക്കണം. അതിനായി ചെസ്റ്റ് നമ്പറുകൾ എഴുതണം. 950 മുതൽ 1049 വരെയുള്ള ചെസ്റ്റ് നമ്പറുകൾ ആണ് എഴുതേണ്ടത്.

- കുട്ടികളെ 5 വീതമുള്ള ഗ്രൂപ്പാക്കുന്നു.
- ഓരോ ഗ്രൂപ്പും 20 സംഖ്യാകാർഡുകൾ എഴുതണം.

ഗ്രൂപ്പ് 1 : 950 മുതൽ 969 വരെ
ഗ്രൂപ്പ് 2 : 970 മുതൽ 989 വരെ
ഗ്രൂപ്പ് 3 : 990 മുതൽ 1009 വരെ
ഗ്രൂപ്പ് 4 : 1010 മുതൽ 1029 വരെ
ഗ്രൂപ്പ് 5 : 1030 മുതൽ 1049 വരെ

ഇപ്രകാരം നൂറു സംഖ്യാകാർഡുകളും എഴുതി പൂർത്തിയാക്കണം.

ഓരോ ഗ്രൂപ്പും അവർക്ക് കിട്ടിയ സംഖ്യാ കാർഡിൽ എഴുതുന്നു.

- നിശ്ചിത സമയത്തിനു ശേഷം ശരിയാണോ എന്നു പരിശോധിക്കുന്നു.
- തുടർന്ന് ഓരോ ഗ്രൂപ്പും അവരവരുടെ കാർഡിലെ സംഖ്യകൾ ക്രമത്തിൽ വായിക്കുന്നു.
- 950 മുതൽ 1049 വരെയുള്ള സംഖ്യകൾ ക്രമത്തിൽ വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.
- ഓരോ ഗ്രൂപ്പും വായിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ ശ്രദ്ധാപൂർവം കേൾക്കുന്നു എന്നുറപ്പുവരുത്തുന്നു.

- കായികമേള [TB പ്രവർത്തനം]

- പാഠപുസ്തകത്തിലെ 'കായികമേള' എന്ന പ്രവർത്തനം ടീച്ചർ അവതരിപ്പിക്കുന്നു.

പച്ചമലക്കാട്ടിലെ കായികമേളയാണ്.

കുട്ടികൾ TB page 33-ലെ ചിത്രം നിരീക്ഷിക്കുന്നു.

- തുടർന്ന് കായികമേളയുടെ അനൗൺസ്മെന്റ്

കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

- കുട്ടികളുടെ വായന ഉറപ്പുവരുത്തിയതിനു ശേഷം

- ടീച്ചർ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

?- ആദ്യം നടക്കുന്ന മത്സരം ഏതാണ്?

- കുട്ടികളുടെ പ്രതികരണം.

? എത്ര പേരാണ് ഈ മത്സരത്തിൽ പങ്കെടുക്കുന്നത്?

? 986 ചെസ്റ്റ് നമ്പർ അണിഞ്ഞു നിൽക്കുന്നത് ആരാണ്?

- തുടർന്നുള്ള ചോദ്യങ്ങൾക്കു ശേഷം ലോങ്ജമ്പ്

- മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ചെസ്റ്റ് നമ്പറുകൾ എഴുതാൻ പറയുന്നു.

- അതിനു മുമ്പായി 986 മുതലുള്ള ചെസ്റ്റ് നമ്പറുകൾ കുട്ടികളോട് പറയാൻ ആവശ്യപ്പെടുന്നു.

- തുടർന്ന് പാഠപുസ്തകത്തിൽ എഴുതാൻ പറയുന്നു.

- ഇതുപോലെ ചെസ്റ്റ് നമ്പർ 1002 മുതൽ 1012 വരെ എഴുതിക്കുന്നു.

വിലയിരുത്തൽ.

സംഖ്യകൾ ക്രമമായി പറയുന്നത്, എഴുതിയത്.

✱ അനൗൺസ്മെന്റ് [TB പ്രവർത്തനം]

- ടീച്ചർ പ്രവർത്തനം അവതരിപ്പിക്കുന്നു.

ചുരുമല നാട്ടിൽ മഞ്ചാടി മഞ്ചാടിപെറുക്കൽ മത്സരത്തിന് കുട്ടനാണ്ടായാണ് അനൗൺസ് ചെയ്യുന്നത്. ചെസ്റ്റ് നമ്പർ അനൗൺസ് ചെയ്യുന്നതെങ്കിൽ നമ്പറുകൾ അക്കത്തിൽ എഴുതി നൽകണം.

- പട്ടികയിൽ എത്ര നമ്പറുകൾ ഉണ്ട്?
- ഓരോ നമ്പറും വായിക്കാമോ?
- ചെസ്റ്റ് നമ്പറുകൾ വായിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.
- ആദ്യത്തെ രണ്ടെണ്ണം ടീച്ചർ BB യിൽ എഴുതുന്നു.
- തുടർന്നുള്ളവ എഴുതാൻ കുട്ടികൾക്ക് അവസരം നൽകുന്നു.
- NB-യിലും TB യിലും കുട്ടികൾ പട്ടിക പൂർത്തിയാക്കുന്നു.

✱ എ.ടി.എം. [TB പ്രവർത്തനം]

- പ്രവർത്തനം കുട്ടികൾ വായിക്കുന്നു
- ടീച്ചർ പൊതുവായി അവതരിപ്പിക്കുന്നു.
- കളിനോട്ടുകൾ നൽകുന്നു.
- കുട്ടികൾ കണ്ടെത്തി എഴുതുന്നു.
- അവതരിപ്പിക്കുന്നു.
- വിവിധ സാധ്യതകൾ ടീച്ചർ BB യിൽ ക്രോഡീകരിക്കുന്നു.

## പണമെത്ര? [TB പ്രവർത്തനം]

- കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുന്നു.
- ഓരോ ഗ്രൂപ്പിനും കളിനോട്ടുകൾ അടങ്ങിയ നിശ്ചിത തുക വച്ച കവർ നൽകുന്നു. [1000 നു താഴെ തുക വരുന്ന 100, 10, 1 രൂപ മൂല്യമുള്ള കളിനോട്ടുകൾ]
- കവറിലുള്ള തുക എത്രയാണെന്ന് കണ്ടെത്താൻ ഓരോ ഗ്രൂപ്പിനോടും പറയുന്നു.
- ഗ്രൂപ്പിൽ ഒരാൾ ലഭിച്ച പണം എത്രയാണെന്നു നോട്ടുകൾ എത്രവീതം ഉണ്ടെന്നും പറയണം.
- അവതരണം. മറ്റുള്ള കുട്ടികൾ ശ്രദ്ധിക്കണം. അഭിപ്രായം പറയണം.
- തുടർന്ന് TB page 36-ലെ പണം ശേഖരിക്കാം എന്ന പ്രവർത്തനം അവതരിപ്പിക്കുന്നു.
- വ്യക്തിഗതമായി ചെയ്യിക്കുന്നു.
- വിലയിരുത്തുന്നു.
- 785 രൂപയെ വ്യത്യസ്ത നോട്ടുകളും നാണയങ്ങളും വരുന്ന രീതിയിൽ എഴുതാൻ അവസരം നൽകുന്നു.
- പ്രയാസമുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്നു.
- ടീച്ചർ ആവശ്യമായ വിശദീകരണം നൽകുന്നു.
- 909 രൂപയെ വ്യത്യസ്ത രീതിയിൽ എഴുതാനുള്ള പ്രവർത്തനം തുടർപ്രവർത്തനമായി നൽകുന്നു.

## തീറ്റമത്സരം [TB പ്രവർത്തനം]

- പാഠപുസ്തകം പേജ് 37-ലെ തീറ്റമത്സരം പ്രവർത്തനം കുട്ടികൾ വായിക്കുന്നു.
- ഭാഗികമായി വായന നടത്തിയവർക്കായി ടീച്ചർ പൊതുവായി പ്രവർത്തനം അവതരിപ്പിക്കുന്നു.
- തുടർന്ന് ടീച്ചർ ഒരു മുന്നൊരുക്ക പ്രവർത്തനം അവതരിപ്പിക്കുന്നു.

## ❖ എണ്ണാം കെട്ടുകളാക്കാം

100 ന്റെ 10 നോട്ടുകളുടെ കെട്ടുകൾ മേശപ്പുറത്ത് വെയ്ക്കുന്നു. ഒരു കെട്ടെടുത്ത് കുട്ടികളെ കാണിച്ചിട്ട് ഒരു കെട്ടിൽ 100 നോട്ടുകളുണ്ടെന്ന് ടീച്ചർ പറയുന്നു. BB-യിൽ എഴുതുന്നു.

1 കെട്ട് = 100

ടീച്ചർ വീണ്ടും ഒരു കെട്ടെടുക്കുന്നു. ഇപ്പോൾ കയ്യിൽ 2 കെട്ടുണ്ടെന്ന് ടീച്ചർ പറയുന്നു. അത് BB യിൽ എഴുതുന്നു.

2 കെട്ട് = 100+100 = 200

ഇതുപോലെ തുടരുന്നു.

3 കെട്ട് : 100+100+100 = 300 തുടർന്ന് ടീച്ചർ ബോർഡിൽ എഴുതുന്നു.

4 കെട്ട് : 100+100+100+100 = ______

5 കെട്ട് : ______

6 കെട്ട് : ______

7 കെട്ട് : ______

8 കെട്ട് : ______

9 കെട്ട് : ______

10 കെട്ട് : ______

[പ്രവർത്തനത്തിന് ഒടുവിൽ 3 നൂറ് 300 രൂപ 8 നൂറ് 800 രൂപ 10 നൂറ് 1000 എന്നിങ്ങനെ പറയാൻ അവസരം നൽകുന്നു.]

ബോർഡിൽ എഴുതിയത് കുട്ടികൾ പൂർത്തിയാക്കുന്നു.

❖ തുടർന്ന് പാഠപുസ്തകത്തിലെ തിറ്റമത്സരം പ്രവർത്തനം തുടരുന്നു.

– ടീച്ചർ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

100 ന്റെ 5 കെട്ടുകളിൽ എത്ര കമ്പുകൾ.?
ഉത്തരം നോട്ടുബുക്കിൽ വ്യക്തിഗതമായി എഴുതാൻ

കുട്ടികൾക്ക് അവസരം നൽകുന്നു.

? 100 ന്റെ 9 കെട്ടുകളിൽ എത്ര കമ്പുകൾ?

? 100 ന്റെ 15 കെട്ടുകളിൽ എത്ര കമ്പുകൾ?

- ഉത്തരം കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകുന്നു.

- അവതരിപ്പിക്കുന്നു, BB യിൽ എഴുതുന്നു.

100 ന്റെ 5 കെട്ട് 500 കമ്പുകൾ

100 ന്റെ 9 കെട്ട് 900 കമ്പുകൾ

100 ന്റെ 15 കെട്ട് 1500 കമ്പുകൾ

തുടർന്ന് ഒരു ചാർട്ട് ടീച്ചർ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

100+50 = 150

100 + 100 = ____

200+50 = 250

200+100+50 = ____

200+ 250 = ____

200+300 = ____

250+250 = ____

300 + 300 = ____

500 + 500 = ____

- കുട്ടികൾ ചാർട്ടിലെ പ്രവർത്തനം നോട്ടുബുക്കിൽ

- എഴുതി മനക്കണക്കായി ചെയ്യാൻ അവസരം നൽകുന്നു.

- തുടർന്ന് പാഠപുസ്തകത്തിലെ തിരുമധുരം എന്ന പ്രവർത്തനം ചെയ്യുന്നു.

- ടീച്ചർ ആവശ്യമായ പിന്തുണ നൽകുന്നു.

വെള്ളം കുടി മത്സരം [ TB പ്രവർത്തനം ]

- ആനക്കുട്ടന്റെ അനൗൺസ്മെന്റ് കുട്ടികൾ വായിക്കുന്നു.

- ശേഷം ചിത്ര വായനയ്ക്കുള്ള അവസരം നൽകുന്നു.

- വെള്ളം കുടി മത്സരത്തിന് തയ്യാറായി നിൽക്കുന്നവരെ കുറിച്ചും വെള്ളം നിറയ്ക്കുന്ന പാത്രങ്ങളെകുറിച്ചും ടീച്ചർ വിശദമാക്കുന്നു.
- ടീച്ചറിന്റെ വിശദീകരണത്തിന് ശേഷം പട്ടിക കുട്ടികൾ പൂർത്തിയാക്കുന്നു.

**സമ്മാന കൂപ്പൺ. [TB (പ്രവർത്തനം]**

- ടീച്ചർ പ്രവർത്തനം അവതരിപ്പിക്കുന്നു.
- ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

? എത്ര രൂപ വിലയുള്ള സമ്മാന കൂപ്പണുകളാണ്?

? ഓരോരുത്തർക്കും എത്ര സാധനങ്ങൾ തിരഞ്ഞെടുക്കാം?

? അവർ തിരഞ്ഞെടുത്തത് ഏതൊക്കെ സാധനങ്ങളാകാം?

- ആദ്യം NB യിൽ പട്ടിക വരച്ച് ഉത്തരം കണ്ടെത്താൻ അവസരം നൽകുന്നു.
- അവതരണം, വിലയിരുത്തൽ.
- കൃത്യതപ്പെടുത്തി TB യിലേക്ക് എഴുതുന്നു.

**കുട്ടികളുടെ മത്സരം. [TB (പ്രവർത്തനം]**

- ഓരോ ചോദ്യവും കുട്ടികളോട് വായിക്കാൻ പറയുന്നു.
- കുട്ടികളുടെ വായനയ്ക്കു ശേഷം ഓരോ ചോദ്യവും കുട്ടികൾക്ക് പൊതുവായി ടീച്ചർ വായിച്ചവതരിപ്പിക്കുന്നു.
- തുടർന്ന് കുട്ടികളെ 3 ഗ്രൂപ്പാക്കുന്നു.
- ഓരോ ഗ്രൂപ്പിനും സംഖ്യാ കാർഡുകൾ നൽകുന്നു.

ഒന്നാം ഗ്രൂപ്പ്: 10 മുതൽ 20 വരെയുള്ള സംഖ്യകൾ കാർഡിലെഴുതണം.

രണ്ടാം ഗ്രൂപ്പ്: 30 മുതൽ 50 വരെയുള്ള സംഖ്യകൾ കാർഡിലെഴുതണം.

- മൂന്നാം ഗ്രൂപ്പ് 60 മുതൽ 100 വരെ സംഖ്യകൾ കാർഡിലെഴുതണം.
- ഓരോ ഗ്രൂപ്പിനോടും സംഖ്യ എഴുതേണ്ട കാർഡ് കൃത്യ എണ്ണം എണ്ണി എടുക്കാൻ ആവശ്യപ്പെടുന്നു.
- എടുക്കേണ്ട എണ്ണം ഗ്രൂപ്പിൽ ചർച്ച ചെയ്ത് കണ്ടെത്തണം.
- ഓരോ ഗ്രൂപ്പും എടുത്ത കാർഡിന്റെ എണ്ണം BB-യിൽ എഴുതുന്നു. ഗ്രൂപ്പ് 1- ഗ്രൂപ്പ് 2- ഗ്രൂപ്പ് 3-
- ഓരോ ഗ്രൂപ്പും കണ്ടെത്തിയ എണ്ണം ശരിയാണോ എന്ന് മറ്റ് ഗ്രൂപ്പുകാർ കണ്ടെത്തണം.
- നൽകിയ പ്രവർത്തനവുമായി ബന്ധപ്പെട്ട് ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു.

? ഒന്നാം ഗ്രൂപ്പിന് 10 മുതൽ 20 വരെ എഴുതാൻ എത്ര കാർഡ് വേണ്ടിവന്നു.?

? രണ്ടാം ഗ്രൂപ്പിന് 30 മുതൽ 50 വരെ എഴുതാൻ എത്ര കാർഡ് വേണ്ടിവന്നു.?

? മൂന്നാം ഗ്രൂപ്പിന് 60 മുതൽ 100 വരെ എഴുതാൻ എത്ര കാർഡാണെടുത്തത്?

- കുട്ടികൾക്ക് ഉത്തരം പറയാൻ അവസരം നൽകുന്നു.
- അവതരണം, വിലയിരുത്തൽ.

→ തുടർന്ന് പാഠപുസ്തകത്തിലെ (പേജ് 41) ബാക്കി ചോദ്യങ്ങൾ കുട്ടികൾ വായിക്കുന്നു.

- ടീച്ചർ ആവശ്യമായ വിശദീകരണം നൽകുന്നു.
- കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ അവസരം നൽകുന്നു.

→ അക്കമെഴുതാം... സംഖ്യ എഴുതാം

- ഒന്നു മുതൽ ഒമ്പത് വരെയുള്ള അക്കങ്ങൾ എഴുതിയ സ്ലിപ്പ് 10 സെറ്റ് നേരത്തെ തയ്യാറാക്കിവെയ്ക്കുന്നു.
- ഒരു സെറ്റടുത്ത് സംഖ്യകൾ കാണാൻ കഴിയാത്ത തരത്തിൽ മേശപ്പുറത്ത് വിതറിയിടുന്നു.
- ഓരോ കുട്ടിയും വന്ന് മൂന്ന് സ്ലിപ്പുകൾ എടുക്കുന്നു.
- എല്ലാ കുട്ടികൾക്കും 3 സ്ലിപ്പുകൾ വീതം കിട്ടിയെന്ന് ഉറപ്പുവരുത്തുന്നു.
- ശേഷം കിട്ടിയ അക്കങ്ങൾ NB കുറിക്കാൻ പറയുന്നു.
- ഈ അക്കങ്ങൾ ഉപയോഗിച്ച് ആവർത്തിക്കാതെ മൂന്നക്ക സംഖ്യകൾ എഴുതണം.
- എത്ര സംഖ്യകൾ കിട്ടി എന്ന് ഓരോ കുട്ടിയും എഴുതണം.
- എഴുതിയ സംഖ്യയും കിട്ടിയ എണ്ണവും അവതരിപ്പിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

- ഈ കളിയിൽ നിന്നും ഓരോ കുട്ടിയും കണ്ടെത്തിയ കാര്യം നോട്ടുബുക്കിൽ കുറിക്കുന്നു.

4 കാർഡുകളി [ TB പ്രവർത്തനം ]

- ടീച്ചർ 1, 2, 3, 4 എന്നീ അക്കങ്ങൾ BB യിൽ എഴുതുന്നു.
- ഈ അക്കങ്ങൾ ആവർത്തിക്കാതെ എഴുതാവുന്ന എല്ലാ മൂന്നക്ക സംഖ്യകളും എഴുതാൻ കുട്ടികൾക്ക് അവസരം നൽകുന്നു.
- അവതരണം, വിലയിരുത്തൽ.

4 തുടർന്ന് TB-യിലെ കാർഡുകളി പ്രവർത്തനം വ്യക്തിഗതമായി ചെയ്യാൻ നൽകുന്നു.
- അവതരണം, വിലയിരുത്തൽ.

⟶ തുടർച്ചയായ രണ്ട് സംഖ്യകളുടെ തുകയുടെ പ്രത്യേകത എന്താണ്? കുട്ടികൾ NB യിലെഴുതുന്നു.

- ടീച്ചർ ചോദ്യം ഉന്നയിക്കുന്നു, B.B - യിലെഴുതുന്നു.

$1+2 =$ ___ , $2+3 =$ ___ , $3+4 =$ ___

$5+6 =$ ___ , $6+7 =$ ___ , $7+8 =$ ___

- കിട്ടിയ ഉത്തരം ഒറ്റ സംഖ്യയാണോ, ഇരട്ട സംഖ്യ ആണോ.?
- കണ്ടെത്തൽ കുട്ടികൾ പറയുന്നു.
- ടീച്ചർ ക്രോഡീകരിക്കുന്നു.

{ തുടർച്ചയായ രണ്ട് സംഖ്യകളുടെ തുക എല്ലായ്പ്പോഴും ഒറ്റ സംഖ്യ ആയിരിക്കും. }

⟶ കുട്ടികൾ NB-യിലെഴുതുന്നു

⟶ ടീച്ചർ അടുത്ത ചോദ്യം ഉന്നയിക്കുന്നു.

? രണ്ട് ഒറ്റ സംഖ്യകളുടെ തുകയുടെ പ്രത്യേകതയെന്താണ്?

$3+5 =$ ___ , $5+7 =$ ___ , $7+9 =$ ___

$9+11 =$ ___ , $11+13$ , $13+15 =$ ___

- കുട്ടികൾ തുക കണ്ടെത്തുന്നു.
- നോട്ടുബുക്കിൽ കുറിക്കുന്നു.
- കിട്ടിയ തുക ഒറ്റ സംഖ്യയോ, ഇരട്ട സംഖ്യയോ?
- കുട്ടികൾ പ്രതികരിക്കുന്നു.
- ടീച്ചർ ക്രോഡീകരിക്കുന്നു.

{ രണ്ട് ഒറ്റ സംഖ്യകളുടെ തുക എല്ലായ്പ്പോഴും ഇരട്ട സംഖ്യ ആയിരിക്കും. }

- കുട്ടികൾ NB-യിലേക്കെഴുതുന്നു.

- ടീച്ചർ അടുത്ത ചോദ്യം ഉന്നയിക്കുന്നു.

? രണ്ട് ഇരട്ട സംഖ്യകളുടെ തുകയുടെ പ്രത്യേകത എന്താണ്.?

2 + 4 = ___ , 4 + 6 = ___ , 6 + 8 = ___

8 + 10 = ___ , 10 + 12 = ___ , 12 + 14 = ___

- കുട്ടികൾ ഉത്തരം കണ്ടെത്തുന്നു.
- പ്രത്യേകത പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു.
- ടീച്ചർ ക്രോഡീകരിക്കുന്നു.

രണ്ട് ഇരട്ട സംഖ്യകളുടെ തുക എല്ലായ്പ്പോഴും ഇരട്ട സംഖ്യ തന്നെ ആയിരിക്കും.

Sign of HM: | Sign of Tr: